**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 502** **28-06-2022 - ൽ മറുപടിയ്ക്ക്**

**സാമ്പത്തിക പ്രതിസന്ധി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എൻ എ നെല്ലിക്കുന്ന് | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | ജീവനക്കാരുടെ ശമ്പളത്തിന് പണം കണ്ടെത്താൻ കഴിയാത്ത വിധം സർക്കാർ കടുത്ത സാമ്പത്തിക പ്രതിസന്ധി നേരിടുന്നതായി പറയപ്പെടുന്ന വാർത്തയുടെ നിജസ്ഥിതി വ്യക്തമാക്കാമോ; വിശദാംശം നൽകാമോ; | (എ) | നടപ്പ് സാമ്പത്തിക വർഷത്തെ ആദ്യ ഒൻപത് മാസത്തെ സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധി കേന്ദ്ര സർക്കാർ നിശ്ചയിച്ച് നൽകാത്തതിനാൽ സാമ്പത്തിക ബുദ്ധിമുട്ട് നേരിടുന്നുവെങ്കിലും ജീവനക്കാരുടെ ശമ്പളം മുടക്കം കൂടാതെ നൽകുവാൻ സർക്കാർ ശ്രദ്ധിച്ചുപോരുന്നുണ്ട്. |
| (ബി) | എങ്കിൽ എന്ത് പരിഹാര നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വ്യക്തമാക്കാമോ; | (ബി) | നടപ്പ് സാമ്പത്തിക വർഷത്തെ ആദ്യ ഒൻപത് മാസത്തെ സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധി കേന്ദ്ര സർക്കാർ നിശ്ചയിച്ച് നൽകാത്തതിനാൽ സാമ്പത്തിക ബുദ്ധിമുട്ട് നേരിടുന്നുവെങ്കിലും ജീവനക്കാരുടെ ശമ്പളം മുടക്കം കൂടാതെ നൽകുവാൻ സർക്കാർ ശ്രദ്ധിച്ചുപോരുന്നുണ്ട്. |
| (സി) | സാമ്പത്തിക പ്രതിസന്ധി കണക്കിലെടുത്ത് സംസ്ഥാനത്തെ ട്രഷറികളിൽ ബില്ലുകൾ മാറി നൽകുന്നതിന് നിലവിൽ പരിധിയോ പരിമിതിയോ നിശ്ചയിച്ചുകൊണ്ട് നിർദ്ദേശം നൽകിയിട്ടുണ്ടോ; വിശദമാക്കുമോ? | (സി) | നടപ്പ് സാമ്പത്തിക വർഷത്തെ ആദ്യ ഒൻപത് മാസത്തെ സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധി കേന്ദ്ര സർക്കാർ നിശ്ചയിച്ച് നൽകാത്തത് നിലവിൽ സാമ്പത്തിക ഞെരുക്കം സൃഷ്ടിച്ചിട്ടുണ്ട് എന്നതൊരു വസ്തുതയാണ്. ഇതിലുപരിയായി ദൈനംദിന വരുമാനവും ചെലവും ക്രമപ്പെടുത്തുന്നതിനുള്ള ക്രമീകരണങ്ങൾ സാധാരണ ഗതിയിൽ നടപ്പിലാക്കി വരുന്നതാണ്. അതേസമയം, വരുമാനവും ചെലവും തമ്മിലുള്ള പൊരുത്തക്കേട് തുടരുന്ന സ്ഥിതി കുറേക്കാലമായി സംസ്ഥാനം അനുഭവിച്ച് പോരുന്നുണ്ട്. ഇതിനു പരിഹാരം കാണുന്നതിനുള്ള വ്യക്തമായ റോഡ് മാപ്പ് തയ്യാറാക്കിയാണ് സർക്കാർ പ്രവർത്തിക്കുന്നത്. ദൈനംദിന മാനേജ്മെന്റിനു വേണ്ട ക്രമീകരണങ്ങൾ ഓരോ സമയത്തും എടുക്കുന്നതിനപ്പുറം അധിക നിയന്ത്രണങ്ങൾ ഒന്നും ഏർപ്പെടുത്തിയിട്ടില്ല. അതേസമയം, വികസന ക്ഷേമ പ്രവർത്തനങ്ങൾ ഭംഗം കൂടാതെ മുന്നോട്ട് കൊണ്ടു പോകുന്നതിന് പ്രത്യേക ശ്രദ്ധ |

| | | | |
|---|---|---|---|
| | | | നൽകിയിട്ടുണ്ട്. നിലവിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ബില്ലുകൾക്ക് നിയന്ത്രണങ്ങളൊന്നും ഏർപ്പെടുത്തിയിട്ടില്ല. കരാറുകാരുടെ ബില്ലുകൾക്ക് ബിൽ ഡിസ്കൗണ്ടിംഗ് സിസ്റ്റം ഏർപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ